Draft #1 of File 30366/AD A3-4/2020/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 07-Aug-2020 11:51 AM - Page 1

# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 30366/AD A3/4/2020/ADMIN തീയതി 07.08.2020

സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർക്ക് ഓപ് ഷൻ ഫോം സമർപ്പിക്കുന്നതിനുള്ള കാലപരിധി ദീർഘിപ്പിച്ചു കൊണ്ട് സർക്കാർ **സ.ഉ.(പി) നം.92/2020/ധന തീയതി, 06.07.2020** ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച്, സർക്കാരിന്റെ വിവിധ ഉത്തരവുകൾ പ്രകാരം നാളിതുവരെയും ഓപ് ഷൻ ഫോം സമർപ്പിക്കാൻ സാധിക്കാത്തവർ 2020 ഓഗസ്റ്റ് 14 ന മുൻപായി നിയമനാധികാരി മുൻപാകെ ഓപ് ഷൻ ഫോം സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവ് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

A S CHAVARA
ASSISTANT REGISTRAR I (ADMIN)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/ഐ.ക്യൂ.എ.സി.
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3/
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

**കേരള സർക്കാർ**

**സംഗ്രഹം**

പങ്കാളിത്ത പെൻഷൻ പദ്ധതി- സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർക്ക് ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിനുള്ള കാലപരിധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ(പി)നം. **92**/2020/ധന. തിരുവനന്തപുരം,തീയതി: **06.07.2020**

പരാമർശം: 1) സ.ഉ(പി)നം. 20/2013/ധന. തീയതി, 07.01.2013

2) സ.ഉ(പി)നം.209/2013/ധന. തീയതി 07.05.2013

3) സ.ഉ(പി)നം.279/2014/ധന. തീയതി 14.07.2014

4) സർക്കുലർ നമ്പർ 65/2015/ധന. തീയതി 04.07.2015

5) സ.ഉ(പി)നം.142/2018/ധന. തീയതി 10.09.2018

**ഉത്തരവ്**

01.04.2013 ന് ശേഷം സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതും കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന വിഭാഗങ്ങളിൽ പുതതായി നിയമിതരാകുന്നതുമായ എല്ലാ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 01.04.2013 ന് മുൻപ് സംസ്ഥാനത്തെ സർക്കാർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ നിയമിക്കപ്പെടുകയും തുടർന്ന് 01.04.2013 ന് ശേഷം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുന്നവർക്ക് പരാമർശം (2) ഉത്തരവ് പ്രകാരവും 01.04.2013-ന് മുൻപ് കെ.എസ്.ആർ ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരുന്ന സർക്കാറിന് കീഴിലെ വിവിധ ബോർഡുകൾ/കോർപ്പറേഷനുകൾ/മറ്റ് പൊതുമേഖല/എയ്ഡഡ്/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരാമർശം (3) ഉത്തരവ് പ്രകാരവും പിന്നീട് 01.04.2013 ന് ശേഷം അവർ പുതിയ ജോലിയിൽ പ്രവേശിക്കുന്ന സമയത്തും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള **മൊബിലിറ്റി** ആനുകൂല്യം അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാർ പരാമർശം (4) സർക്കുലറിലെ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കണം പുതിയ ജോലിയിൽ പ്രവേശിക്കേണ്ടത് എന്ന് മാത്രമല്ല മേൽ പരാമർശ ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ നിയമനാധികാരിയ്ക്ക് മുൻപാകെ ഓപ്ഷൻ ഫോം സമർപ്പിക്കുകയും വേണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതുമാണ്. എന്നാൽ സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ ജീവനക്കാർ നിശ്ചിത സമയപരിധിക്കുള്ളിൽ ഓപ്ഷൻ ഫോം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനാകാത്ത സാഹചര്യം വന്നു ചേർന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർക്ക് **2018 നവംബർ 30 വരെ** ഓപ്ഷൻ നല്കി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തന്നെ തുടരുന്നതിനായി സർക്കാർ പരാമർശം (5) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ വിവിധ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഓപ്ഷൻ ഫോം സമർപ്പിക്കാൻ സാധിക്കാത്ത നിരവധി ജീവനക്കാർ, നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഇളവ് നല്കിക്കൊണ്ട് തങ്ങളെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരുന്നതിനുള്ള ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിനുള്ള കാലപരിധി ദീർഘിപ്പിക്കണമെന്ന ആവശ്യവുമായി നിരവധി അപേക്ഷകൾ സർക്കാരിൽ ദിനംപ്രതി ലഭിക്കുന്നത് കണക്കിലെടുത്ത് പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് അർഹതയുള്ള ജീവനക്കാർക്ക് ആയതിന് ഒരവസരം കൂടി നല്കിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നു. സർക്കാരിന്റെ വിവിധ ഉത്തരവുകൾ പ്രകാരം നാളിതുവരേയും ഓപ്ഷൻ ഫോം സമർപ്പിക്കാൻ സാധിക്കാത്തവർ **2020 ഓഗസ്റ്റ് 14** ന് മുൻപായി നിയമനാധികാരി മുൻപാകെ ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതാണ്. ഈ ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാർ പരാമർശം (4) സർക്കുലറിന് വിധേയമായിട്ടാണോ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരിക്കുന്നതെന്ന് നിയമനാധികാരി ഉറപ്പ് വരുത്തേണ്ടതാണെന്നും ഏതെങ്കിലും ജീവനക്കാരന്റെ പെൻഷൻ പദ്ധതി സംബന്ധിച്ച് നിയമനാധികാരിയ്ക്ക് സംശയമുണ്ടാകുന്ന പക്ഷം ധനകാര്യ വകുപ്പിൽ നിന്നും വ്യക്തത തേടേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റിങ്കി.എസ്.നെൽസൺ**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

മലയാളസർവ്വകലാശാല, കേരളം

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്.എ), തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
6. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സീനിയർ ഗ്രേഡ് അസിസ്റ്റന്റ്**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം